# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2335 05.02.2018- ൽ മറുപടിക്ക്**

**സഹകരണ സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അസംസ്കൃതവസ്തുക്കളുടെ കുറവ് മൂലം അടച്ചുപൂട്ടേണ്ടി വരികയും ഭാഗികമായി പ്രവർത്തിക്കുകയും ചെയ്യുന്ന സഹകരണ സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട കൊല്ലം സഹകരണസ്പിന്നിംഗ് മിൽ 2016 നവംബർ 15 മുതൽ 2017 ഫെബ്രുവരി 20 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ 2016 ഒക്ടോബർ മാസം 1 മുതൽ 16 വരെയും, 2016 നവംബർ 1 മുതൽ 12 വരെയും, ഡിസംബർ 1 മുതൽ 6 വരെയും, 2017 ജനുവരി 1 മുതൽ 14 വരെയും, 2017 ഫെബ്രുവരി 1 മുതൽ 17 വരെയും ആവശ്യമായ പ്രവർത്തനമൂലധന അഭാവത്താലും, വൈദ്യുതികുടിശ്ശിക മൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചിരുന്നില്ല, എന്നാൽ ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിലേക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിക്ക് 08.02.2017 ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്താൽ ഇപ്പോൾ ലേ ഓഫിലാണ്. |
| (ബി) മില്ലുകളുടെ നഷ്ടം വർദ്ധിക്കുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) ഉണ്ട്. പ്രവർത്തനമൂലധനത്തിന്റെ അഭാവം മൂലം കോട്ടൺ സീസണിൽ വാങ്ങാൻ സാധിക്കാത്തതും, മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റും ഇതിനു കാരണമായ കുറഞ്ഞ ലേബർ പ്രൊഡക്ടിവിറ്റിയും കുറഞ്ഞ മെഷീൻ പ്രൊഡക്ടിവിറ്റിയും, ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാകുന്നതിന്റെ കാരണങ്ങളാണ്. |

മില്ലുകളിലെ മെഷിനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉൽപാപദനക്ഷമത കുറവും, ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാത്തതും മൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കാതെയും വരുന്നു. മാർക്കറ്റിൽ നിന്ന് കൂടുതൽ ദൂരത്തായതു കൊണ്ട് കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴുമുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അഡീഷണലായി വരുന്ന ചെലവാണ്.

മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായി 29.97 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 15 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തന ശേഷി 12,000 സ്പിന്റിൽ നിന്നും 25,000 സ്പിന്റിലായി ഉയർത്തുന്നതിനായി 33.94 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 22.89 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ